## കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ഡോ. കെ.എസ്. രാധാകൃഷ്ണന്‍ കമ്മിറ്റി</u>

3188 ശ്രീ. ജോസഫ് വാഴക്കന്‍
,, എ.റ്റി. ജോര്‍ജ്
,, പി.എ. മാധവന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എക്സൈസ് വകുപ്പ് ഡോ.കെ.എസ്. രാധാകൃഷ്ണന്‍ കമ്മിറ്റിയ്ക്ക് രൂപം നല്‍കിയിട്ടുണ്ടോ; എങ്കില്‍ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ;

(ബി) കമ്മിറ്റി റിപ്പോര്‍ട്ട് എന്നാണ് സമര്‍പ്പിച്ചത്;

(സി) റിപ്പോര്‍ട്ടിലെ പ്രധാന ശുപാര്‍ശകള്‍ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

ഓണക്കാലത്തെ അനധികൃത സ്പിരിറ്റ് കടത്ത്

3189 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഓണക്കാലത്ത് അനധികൃതമായി കേരളത്തിലേക്ക് കടത്തിയ എത്ര ലിറ്റർ സ്പിരിറ്റാണ് പിടികൂടുവാൻ സാധിച്ചത് ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങളാണ് പിടിച്ചെടുത്തിട്ടുള്ളത് ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

ഓണക്കാലത്തെ വ്യാജമദ്യ കേസുകൾ

3190 ശ്രീ. സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് വ്യാജമദ്യം, വ്യാജസ്പിരിറ്റ് എന്നിവയുടെ നിർമ്മാണം തടയുന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) ഓണക്കാലത്ത് മാത്രം വ്യാജമദ്യം ലഹരി മരുന്ന് സംബന്ധിച്ച എത്ര കേസുകൾ പിടികൂടി, എത്ര പ്രതികളെ അറസ്റ്റ് ചെയ്തു എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>വ്യാജവാറ്റ് തടയാൻ നടപടി</u>

3191 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ തോട്ടപ്പള്ളി കേന്ദ്രീകരിച്ച് വ്യാജവാറ്റ് സങ്കേതങ്ങളുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ;

(സി) അമ്പലപ്പുഴ മണ്ഡലത്തിൽ വ്യാജവാറ്റ്, അനധികൃത മദ്യവില്പന, മയക്കുമരുന്ന് വ്യാപാരം എന്നിവക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഗ്രാമപഞ്ചായത്തുകൾ, കടുംബശ്രീ, സ്ക്കൂൾ, കോളേജ്, പുരുഷ സ്വയംസഹായ സംഘങ്ങൾ എന്നിവയുമായി ചേർന്ന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നകാര്യം പരിഗ ണിക്കുമോ ; എങ്കിൽ അവ ഏതു രീതിയിൽ സംഘടിപ്പിക്കു മെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**13.10.2011-ലെ മറുപടിക്ക്**

<u>ബാറുകളുടെ പ്രവര്‍ത്തനസമയം കുറയ്ക്കാനുള്ള നടപടി</u>

3192 ശ്രീ.കെ. അജിത്

താഴെ കാണുന്ന ചോദ്യത്തിന്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കേരളത്തില്‍ ബാറുകളുടെ പ്രവര്‍ത്തനസമയം വര്‍ദ്ധിപ്പിച്ചത് കുറവ് ചെയ്യുവാന്‍ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>എന്‍ഫോഴ്സ്മെന്റ് ജോലി നിര്‍വ്വഹണം</u>

3193 ശ്രീ. കെ.കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എക്സൈസ് ഡിപ്പാര്‍ട്ട്മെന്റില്‍ 'എന്‍ഫോഴ്സ്മെന്റ് ജോലി നിര്‍വ്വഹണം' സര്‍ക്കിള്‍ ഓഫീസുകളില്‍ നിന്നും റേഞ്ച് ഓഫീസുകളിലേക്ക് മാറ്റി നല്‍കിയിട്ടുണ്ടോ;

(ബി) എന്‍ഫോഴ്സ്മെന്റ് ജോലി നിര്‍വ്വഹണത്തിനായി സര്‍ക്കിള്‍ ഓഫീസുകള്‍ക്ക് നല്‍കി വന്നിരുന്ന ഫണ്ട് റേഞ്ച് ഓഫീസുകളിലേക്ക് മാറ്റി നല്‍കിയിട്ടുണ്ടോ; ഇല്ലെങ്കില്‍ എന്താണ് കാരണം എന്ന് വ്യക്തമാക്കാമോ;

(സി) റേഞ്ച് ഓഫീസുകളില്‍ ഉദ്യോഗ നിര്‍വ്വഹണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥര്‍ക്കു ലഭിക്കേണ്ട യാത്രാപ്പടി, ഔദ്യോഗിക വാഹനങ്ങളുടെ ഇന്ധനച്ചെലവ് എന്നിവ യഥാസമയം റേഞ്ച് ഓഫീസുകളില്‍ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി</u>

3194 ശ്രീ.കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വിഭാഗത്തിലെ ജീവനക്കാർക്ക് ഓഫ് ഡേ ഡ്യൂട്ടി അലവൻസ് നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ സംസ്ഥാന പോലീസ്, ഫോറസ്റ്റ് എന്നീ വിഭാഗം ജീവനക്കാർക്ക് ലഭ്യമാകുന്ന പ്രസ്തുത ആനുകൂല്യം എക്സൈസ് വിഭാഗത്തിനുകൂടി നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ബി) തിരുവോണ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥന്മാർക്ക് 500 രൂപ അലവൻസ് അനുവദിച്ചിരുന്നതുപോലെ എക്സൈസ് ജീവനക്കാർക്കും നൽകിയിരുന്നോ ; ഇല്ലെങ്കിൽ ഈ വിഭാഗം ജീവനക്കാർക്കുകൂടി ഇത്തരം അലവൻസ് നൽകുന്നത് പരിഗണിക്കുമോ ;

(സി) എക്സൈസ് വിഭാഗം ജീവനക്കാർക്ക് റിസ്ക് അലവൻസ് നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ റിസ്ക് അലവൻസ് നൽകുന്നകാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കൈക്കൂലി കേസിൽ അറസ്റ്റ്ചെയ്യപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥർ</u>

3195 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷംഎക്സൈസ് വകുപ്പിലെ എത്ര ഉദ്യോഗസ്ഥർ കൈക്കൂലി കേസിൽ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർ

3196 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് ഇവർ ഡെപ്യൂട്ടേഷനിൽ വന്നിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(സി) ഇവർക്ക് നൽകുന്ന ശമ്പളം എത്ര രൂപയാണ് ; പ്രത്യേക ആനുകൂല്യങ്ങൾ എന്തെങ്കിലും നൽകുന്നുണ്ടോ ;

(ഡി) കോർപ്പറേഷനിൽ സ്ഥിരം തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് നടപടി എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിന് നടപടി</u>

3197 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാജമദ്യം, മയക്കുമരുന്ന്, സ്പിരിറ്റ് കടത്ത് എന്നിവയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

□ലഹരിവിരുദ്ധ ക്ലബുകളിലെ അംഗങ്ങൾ

3198 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലഹരി വിരുദ്ധ ക്ലബിലെ അംഗങ്ങൾ ആരെല്ലാമാണ്;

(ബി) ലഹരി വിരുദ്ധ ക്ലബുകൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ഡി- അഡിക്ഷന്‍ സെന്ററുകള്‍

3199 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, അന്‍വര്‍ സാദത്ത്
,, ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എവിടെയെല്ലാമാണ് ഡി-അഡിക്ഷന്‍ സെന്ററുകള്‍ ആരംഭിക്കുവാന്‍ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നത്;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം എവിടെയെങ്കിലും ഡി- അഡിക്ഷന്‍ സെന്ററുകള്‍ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ ഇത് ആരംഭിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>വിദേശ മദ്യത്തിൽ നിന്നുള്ള വരുമാനം</u>

3200 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന വിദേശ മദ്യത്തിന്റെ എത്ര ശതമാനമാണ് സർക്കാർ നിയന്ത്രിത ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിക്കപ്പെടുന്നത് എന്ന് വിശദമാക്കുമോ;

(ബി) വ്യാജമദ്യത്തിന്റെ ഉല്പാദനം, വിതരണം, ഉപയോഗം എന്നിവ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പുതിയ മദ്യനയത്തിൽ സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) മദ്യപാനം കുറയ്ക്കുന്നതിന്റെ ഭാഗമായി മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പ്രസ്തുത മദ്യനയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 13.10.2011–ലെ മറുപടിക്ക്

<u>പുതിയതായി അനുവദിച്ച ബാറുകളുടെ വിവരം</u>

3201 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ചിട്ടുള്ള ബാർ ലൈസൻസുകളുടെ ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ലൈസൻസ് നൽകിയവരുടെ പേരും മേൽവിലാസവും നൽകുമോ?

## കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി</u>

3202 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കബോട്ടാഷ് നിയമവും വല്ലാർപാടം ടെർമിനലും</u>

3203 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കബോട്ടാഷ് നിയമത്തിന്റെ പേരിൽ വല്ലാർപാടം കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ നേരിടുന്നതായ വെല്ലുവിളി പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(സി) കബോട്ടാഷ് നിയമത്തിൽ ഇളവ് അനുവദിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

വികസനത്തിന് ഏറ്റെടുത്ത ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

3204 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിനായി റോഡ് കണക്ടിവിറ്റിയ്ക്ക് വേണ്ടി ഏറ്റെടുത്ത വിഴിഞ്ഞം വില്ലേജിലെ സർവ്വേ നമ്പർ 632/2 എൽ.എ.സി നമ്പർ 43/2010 സ്ഥലത്തിന് നെഗോസിയേഷൻ പ്രകാരമുള്ള തുക നൽകേണ്ടതില്ലെന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലത്തിന്റെ ഭാഗപത്രം നമ്പർ 75/1977, ഗിഫ്റ്റ് ഡീഡ് നമ്പർ 6543/60 എസ്.ആർ.ഒ.വെങ്ങാനൂർ എന്നീ നമ്പരുകളിലെ ആധാരങ്ങൾ തിരികെ നൽകേണ്ടതില്ലെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലായെങ്കിൽ തിരികെ നൽകാനുള്ള നടപടി സ്വീകരിക്കുമോ ; തിരികെ നൽകാനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>തുറമുഖ വകുപ്പിൽ നിയമിക്കപ്പെടുന്ന അപ്രൂവ്ഡ് കൺസൽട്ടന്റിന്റെ ചുമതലകൾ</u>

3205 ശ്രീ. മാത്യു. റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിൽ നിയമിക്കപ്പെടുന്ന അപ്രൂവ്ഡ് കൺസൽട്ടന്റിന്റെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കേരള ഐ. വി. റൂൾ 2010 പ്രകാരം അപ്രൂവ്ഡ് കൺസൽട്ടന്റ് ആയി നിയമിക്കപ്പെടാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ; എങ്കിൽ എത്ര അപേക്ഷയാണ് ലഭിച്ചത്; ഈ അപേക്ഷകളിൽ ആർക്കെല്ലാം നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) അപ്രൂവ്ഡ് കൺസൽട്ടന്റുമാരെ നിയമിക്കുന്നതിന് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അനുമതിയോ അംഗീകാരമോ ആവശ്യമുണ്ടോ; ഇപ്പോൾ നിയമിച്ചിരിക്കുന്ന അപ്രൂവ്ഡ് കൺസൽട്ടന്റിന് ഇപ്രകാരമുള്ള അനുമതിയോ/അംഗീകാരമോ ഉണ്ടോ;

(ഇ) ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷന്റെ അംഗീകാരവും നിർദ്ദിഷ്ട യോഗ്യതകളും പ്രവൃത്തി പരിചയവുമുള്ള ഇതര സ്ഥാപനങ്ങളെ ഇനിയും പരിഗണിക്കുമോ; ഇത്തരം സ്ഥാപനങ്ങളെ പരിഗണിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

□ബൊള്ളാര്‍ഡ് പുള്‍ ടെസ്റ്റ് കേന്ദ്രം□

3206 ശ്രീ. വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിഴിഞ്ഞത്ത് കപ്പലുകളുടെ ഭാരവാഹകശേഷി അളക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള ബൊള്ളാര്‍ഡ് പുള്‍ ടെസ്റ്റ് കേന്ദ്രത്തിന്റെ പണി പൂര്‍ത്തിയായോയെന്ന് അറിയിക്കുമോ;

(ബി) ഇവിടെ എത്ര ടണ്‍ വരെ ഭാരമുള്ള കപ്പലുകളുടെ ഭാരം വലിക്കുന്നതിനുള്ള ശേഷി അളക്കാമെന്ന് വ്യക്തമാക്കാമോ;

(സി) ഈ കേന്ദ്രം രാജ്യത്തെ ഏറ്റവും ശേഷിയുള്ള ബൊള്ളാര്‍ഡ് പുള്‍ ടെസ്റ്റ് കേന്ദ്രങ്ങളിലൊന്നാണോ; വിശദാംശം വ്യക്തമാക്കാമോ.

(ഡി) ഈ കേന്ദ്രം വഴി സംസ്ഥാനത്തിന് എത്ര രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് നടപടി</u>

3207 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ മീഞ്ചയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തുറമുഖ വകുപ്പിന്റെ കീഴിലുള്ള കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം പണിയുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിടം പണിയുന്നതിന് റവന്യൂ വകുപ്പിന്റെ സ്ഥലം തുറമുഖ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) സ്ഥലം കൈമാറ്റ നടപടി ഉടൻ പൂർത്തീകരിച്ച് കെട്ടിടം പണിയുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.10.2011–ലെ മറുപടിക്ക്

അന്ധകാരനഴി വടക്കേ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

3208 ശ്രീ.പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്ധകാരനഴി വടക്കേ പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നിലച്ചിരിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ; ഇതിന്റെ നിർമ്മാണത്തിനുള്ള ഫണ്ടിന്റെ ലഭ്യതയിൽ തടസ്സങ്ങളുണ്ടോ ; ഏത് ഫണ്ടാണ് ഇതിനുവേണ്ടി വിനിയോഗിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) അന്ധകാരനഴി സ്പിൽവേ റഗുലേറ്റർ നിർമ്മിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

മന്ദമംഗലം ബീച്ച് റോഡിന്റെ പ്രവൃത്തി പുരോഗതി

3209 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന് കീഴിൽ തീരദേശ റോഡുകളുടെ അഭിവൃദ്ധിപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കൊയിലാണ്ടി മണ്ഡലത്തിലെ മന്ദമംഗലം ബീച്ച് റോഡിന്റെ പ്രവൃത്തി പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാവുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം - കൊച്ചി - കോഴിക്കോട്</u>
<u>വിമാന സർവ്വീസ്സുകൾ</u>

3210 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ
,, വർക്കല കഹാർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - കൊച്ചി - കോഴിക്കോട് നഗരങ്ങളെ ബന്ധിപ്പിച്ച് പുതിയ വിമാന സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളതായി അറിയാമോ;

(ബി) എത്ര സർവ്വീസുകൾ ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് തുടങ്ങിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഇതിനായി സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഭാവിയിൽ പ്രസ്തുത നഗരങ്ങളെ ബന്ധിപ്പിച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>കൊച്ചിന്‍ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിര്‍മ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം നഷ്ടപ്പെട്ടവര്‍ക്ക് ജോലി</u>

3211 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊച്ചിന്‍ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിര്‍മ്മാണത്തിനായി എത്ര കുടുംബങ്ങള്‍ക്ക് സ്ഥലം നഷ്ടപ്പെട്ടിട്ടുണ്ട്; ഇതില്‍ എത്ര പേര്‍ക്ക് ജോലി നല്‍കിയിട്ടുണ്ട്; ഇവരുടെ വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ;

(ബി) ഇവര്‍ക്ക് വിമാനത്താവളത്തിലെ ഏതെല്ലാം വിഭാഗങ്ങളിലാണ് ജോലി നല്‍കിയിട്ടുള്ളത്;

(സി) സ്ഥലം നഷ്ടപ്പെട്ടിട്ടും ഇതുവരെ യാതൊരു ജോലിയും ലഭിക്കാത്തവര്‍ക്ക് ജോലി ലഭ്യമാക്കുവാന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ; എങ്കില്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്ന നടപടികള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള റോഡുകളുടെ വികസനം</u>

3212 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള ഏതെല്ലാം റോഡുകളുടെ വികസനമാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ റോഡിന്റെയും വികസന പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>അണക്കര ഗ്രീൻഫീൽഡ് എയർപോർട്ട്</u>

3213 ശ്രീമതി. ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യത്തിന്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അണക്കര ഗ്രീൻഫീൽഡ് എയർപോർട്ടിന് കേന്ദ്ര സർക്കാരിൽ നിന്ന് അംഗീകാരം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ ?